പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 6182 — 02.04. 2018 ൽ മറുപടിക്ക്

## ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിൽ വൈദ്യുതിബോർഡിന്റെ കസ്റ്റമർ കെയർ സെന്റർ

ചോദ്യം — ഉത്തരം

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ — ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കോട്ടക്കൽ നിയോജക മണ്ഡലത്തിലെ ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിൽ വൈദ്യുതിബോർഡിന്റെ കസ്റ്റമർ കെയർ സെന്റർ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;<br>(ബി) ഇതു സംബന്ധിച്ച് തിരൂർ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (എ) & (ബി) വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിലുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി സെക്ഷൻ ഓഫീസുകളിലെ ക്യാഷ് കൗണ്ടർ കൂടാതെ ഓൺലൈനായി വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം ബോർഡ് ഒരുക്കിയിട്ടുണ്ട്. ഇതിനാൽ സെക്ഷൻ ഓഫീസിൽ നേരിട്ട് പോകാതെ ഇൻറർനെറ്റ് സൗകര്യം ഉപയോഗപ്പെടുത്തി ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ്ജ് അടയ്ക്കാൻ സാധിക്കും. ഇത് കൂടാതെ അക്ഷയ കേന്ദ്രങ്ങൾ, NACH സംവിധാനം എന്നിവ വഴിയും വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം ഉണ്ട്. മാത്രമല്ല, ബോർഡ് നടപ്പിലാക്കിയ 'ഒരുമ നെറ്റ്' വഴി ഏത് സെക്ഷൻ ഓഫീസിലും ഉപഭോക്താക്കൾക്ക് പണമടയ്ക്കാൻ സാധിക്കും.<br>വാളാഞ്ചേരി ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് ഇരിമ്പിളിയം സെക്ഷൻ രൂപീകരിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ കെ.എസ്.ഇ.ബി.എൽ പരിശോധിച്ചിരുന്നു. എന്നാൽ കസ്റ്റമർ കെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിനും നിലവിലുള്ള സെക്ഷൻ ഓഫീസുകൾ പുന:ക്രമീകരിച്ച് സേവനം മെച്ചപ്പെടുത്തുന്നതിനുമാണ് ബോർഡ് മുൻഗണന നൽകുന്നത്. പുതുതായി ഓഫീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ